**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 584** **09-08-2023 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഭാഗ്യക്കുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദിനംപ്രതി എത്ര കേരള ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽപ്പന നടത്തി വരുന്നുണ്ട് എന്ന് അറിയിക്കാമോ; | (എ) | തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലെ 40 രൂപ മുഖവിലയുള്ള പ്രതിവാര ഭാഗ്യക്കുറികൾ 1,08,00,000 ടിക്കറ്റുകൾ അച്ചടിച്ച് പൂർണ്ണമായും വിറ്റഴിക്കപ്പെടുന്നു. ഞായറാഴ്ചയിലെ അക്ഷയ ഭാഗ്യക്കുറി 1,02,12,000 ടിക്കറ്റുകൾ അച്ചടിച്ച് പൂർണ്ണമായും വിറ്റഴിക്കപ്പെടുന്നു. ബുധനാഴ്ചകളിൽ നറുക്കെടുക്കുന്ന 50/- രൂപ മുഖവിലയുള്ള ഫിഫ്റ്റി-ഫിഫ്റ്റി പ്രതിവാര ഭാഗ്യക്കുറി ശരാശരി 80 ലക്ഷം ടിക്കറ്റുകൾ വിൽപ്പന നടത്തി വരുന്നു. |
| (ബി) | വിൽപനയിൽ ലഭിക്കുന്ന തുകയുടെ എത്ര ശതമാനം പ്രൈസ് മണിയായി നൽകി വരുന്നുണ്ട് എന്ന് അറിയിക്കാമോ; | (ബി) | ആകെ വിറ്റുവരവ് തുകയുടെ 60 ശതമാനത്തോളം സമ്മാനമായി നൽകി വരുന്നു. |
| (സി) | കേരള ലോട്ടറി സമ്മാനങ്ങളുടെ എണ്ണം കുറച്ചതായി പറയപ്പെടുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സമ്മാനങ്ങളുടെ എണ്ണം കുറച്ചതായി പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. സമ്മാന ഘടന പരിഷ്കരണത്തിൽ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. വിഷു, മൺസൂൺ, തിരുവോണം ബമ്പർ ഭാഗ്യക്കുറികളിൽ സമ്മാനങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ചു. |
| (ഡി) | ഒന്നാം സമ്മാനം ലഭിക്കുന്ന ഏജൻസിയുടെ പേര് വിവരങ്ങൾ പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഒന്ന്, രണ്ട് സമ്മാനങ്ങൾക്ക് അർഹമാകുന്ന ടിക്കറ്റുകൾ വിറ്റഴിച്ച ഏജൻസിയുടെ പേരു വിവരങ്ങൾ നറുക്കെടുപ്പ് വേളയിൽ തന്നെ പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്. |
| (ഇ) | ചെറിയ സമ്മാനങ്ങളുടെ എണ്ണം വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ